# കെ. കെ. വി. യു. പി. എസ്

## മുട്ടയ്ക്കാവ്

KKV UP SCHOOL

Read-Discover Your "Self"

KKV UPS-MUTTAKKAVU

# അക്കാദമിക മാസ്റ്റർ പ്ലാൻ



# ആമുഖം

കൊല്ലവർഷം 117 (1940- 42) കാലഘട്ടം. ബ്രിട്ടീഷുകാർ ഇംഗ്ലീഷ് ഭാഷ പരിചയപ്പെടുത്തുന്നതിനായി രാജ്യത്തിന്റെ അങ്ങോളമിങ്ങോളം സ്കൂളുകൾ തുടങ്ങുന്ന കാലമായിരുന്നു. മുട്ടയ്ക്കാവിലെ സാമാന്യം ഭേദപ്പെട്ട ഒരു കുടുംബാംഗമായിരുന്ന ഇടയില വീട്ടിലെ ആയുർവ്വേദ വൈദ്യനായിരുന്ന ശ്രീ.കുഞ്ഞിറാൻകുഞ്ഞ് വൈദ്യൻ 1940- ൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 35 വിദ്യാർത്ഥികളും 5 അധ്യാപകരുമായി ഹംസ യു.പി.എസ് എന്ന പേരിൽ ഒരു വിദ്യാലയം ആരംഭിച്ചു. 600-ൽ അധികം വിദ്യാർത്ഥികളേയും 25 - ൽ ഏറെ അധ്യാപകരേയും ഉൾക്കൊള്ളാനുള്ള സ്ഥല സൗകര്യത്തിനു പുറമേ വിശാലമായ ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ റൂം, പ്രാർത്ഥനാ റൂം എന്നീ സൗകര്യങ്ങൾ ഒരുക്കി കൊണ്ട് 2011 -ൽ സ്കൂൾ കെട്ടിടം നവീകരിക്കുകയും കുഞ്ഞിറാൻകുഞ്ഞ് വൈദ്യൻസ് യു.പി.എസ് (K.K.V.U.P.S) എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു.

2025-26 അധ്യയന വർഷത്തിൽ അധ്യാപക അനധ്യാപകരുൾപ്പടെ 20 ജീവനക്കാരും 366 വിദ്യാർത്ഥികളുമാണ് വിദ്യാലയത്തിലുള്ളത്. 5,6,7 ക്ലാസ്സുകളിലായി 13 ഡിവിഷനും പ്രവർത്തിച്ചു വരുന്നു.

## 2025-2026

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| V | 39 | 53 | 92 |
| VI | 53 | 74 | 127 |
| VII | 78 | 69 | 147 |
| TOTAL | 170 | 196 | 366 |

| Std. | Sanskrit | | | Arabic | | | Urdu | | |
|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T |
| V | 9 | 5 | 14 | 16 | 32 | 48 | 10 | 9 | 19 |
| VI | 8 | 8 | 16 | 26 | 42 | 68 | 10 | 8 | 18 |
| VII | 14 | 7 | 21 | 38 | 36 | 74 | 12 | 10 | 22 |
| Total | 31 | 20 | 51 | 80 | 110 | 190 | 32 | 27 | 59 |

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതി രൂപീകരണ പ്രക്രിയ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം. ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയ വിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ ബോധവത്കരണ പരിപാടികൾ നടത്തുന്നു.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി യെടുക്കുക.
- പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത- ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠന രീതിയിൽ മാറ്റം വരുത്തുക.
- ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക.
- വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക.
- സ്കൂളിലെ സൗകര്യങ്ങൾ പൊതു സമൂഹത്തിനും ഉപയോഗിക്കുന്ന തിനു സൗകര്യം ചെയ്തുകൊടുക്കുകവഴി സാമൂഹ്യ പങ്കാളിത്തവും സേവനവും ഉറപ്പുവരുത്തുക.
- എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നതിനുവേണ്ടി ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുക വഴി കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നു.
- ചരിത്ര ശേഷിപ്പുകൾ സംരകഷിക്കുന്നതിനുള്ള മനോഭാവം വളർത്തൽ.
- പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സാമൂഹ്യശാസ്ത്രപഠനം താൽപര്യജനകവും ക്രിയാത്മകവുമാക്കൽ.
- ശിലായുഗ സംസ്കാരം തിരിച്ചറിയൽ,
- വിദ്യാലയം നാടിന്റെയും അറിവിന്റെയും ഇടമാക്കുക.
- സ്കൂളിലെ കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുക.

- കുട്ടികളിൽ ആത്മവിശ്വാസവും അപകടങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടാനുള്ള കഴിവും ഉണ്ടാക്കുക.
- അപകടങ്ങളിൽ പെടുന്നവരെ രക്ഷിക്കുന്നതിനുള്ള മനോഭാവവും സന്നദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക, കലാ അഭിരുചി വളർത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുക.
- പരിസ്ഥിതി സൗഹൃത മനോഭാവം വളർത്തുക.
- പ്രകൃതിയിലെ പരസ്പര ആശ്രയത്വം തിരിച്ചറിയുക.
- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ പ്രദേശത്തിന്റെയും തനത് ഗണിത രീതി പരിചയപ്പെടുത്തുക.
- സർഗാത്മക ചിന്തകൾ വളർത്തി ഗണിതം ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ നയിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • കളിസ്ഥലം | • പി.ടി.എ. ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • ലൈബ്രറി | • വിദ്യാലയ വികസന സമിതി |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ഊട്ടുപുര | • പൂർവ്വ വിദ്യാർത്ഥി സംഗമം |
| • വായനാപരിപോഷണം | • മാലിന്യ സംസ്കരണം | • പൂർവ്വ അധ്യാപക സംഗമം |
| • ലൈബ്രറി ശാക്തീകരണം | • ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ |
| • ലാബ് നവീകരണം | • ലാബ് | • ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • ജൈവവൈവിധ്യ പാർക്ക് | • സൗരോർജ്ജ പാനൽ | • കൗൺസിലിംഗ് |
| • സാഹിത്യ പോഷണ പരിപാടികൾ | • ബയോഗ്യാസ് പ്ലാന്റ് | • വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| • ഗ്രീൻ പ്രോട്ടോകോൾ | • ജനറേറ്റർ | • പ്രാദേശിക പി.ടി.എ |
| • പഠനയാത്രകൾ | • സ്മാർട്ട് ക്ലാസ്സ് റൂം | • ഭവന സന്ദർശനം |
| • കലാ-കായികമേള | • വാഹന ഷെഡ് | • പുസ്തക സമാഹരണം |
| • ഐ.ടി. പരിശീലനം | • മഴവെള്ള സംഭരണി | • ജീവകാരുണ്യ പ്രവർത്തനങ്ങൾ |
| • ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | • ശൗചാലയ സമുച്ചയം | |
| • എസ്.ആർ.ജി. ശാക്തീകരണം | | |
| • മെഡിക്കൽ ക്യാമ്പുകൾ | | |
| • പോഷകാഹാര പരിപാടി | | |
| • ഗണിത ലാബ് | | |
| • ഗണിതാന്തരീക്ഷം ഒരുക്കൽ | | |
| • ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ | | |
| • ദിനാചരണം | | |
| • മത്സര പരീക്ഷകളുടെ പരിശീലനം | | |
| • ലഹരി വിരുദ്ധ പ്രവർത്തനം | | |
| • ടാലന്റ് ലാബ് | | |

# മലയാളം

1. ലക്ഷ്യം : - കുട്ടികളിലെ വായനാശീലം വളർത്തൽ,പൊതുവിജ്ഞാനം വളർത്തുന്നു, ചുറ്റുപാടിലുള്ള സമകാലിക സംഭവങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക.

പ്രവർത്തനം : - വാർത്താവായന

നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്,സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

കാലം : - പ്രതി മാസം

ചുമതല : - മലയാളം ക്ലബ്

11. ലക്ഷ്യം : - സാഹിത്യകൃതികളോടും, എഴുത്തുകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കൽ.

പ്രവർത്തനം: - സംവാദം / മുഖാമുഖം

സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.

കാലം : - വർഷത്തിൽ രണ്ട് പ്രാവശ്യം

ചുമതല : - മലയാളം അധ്യാപകർ

III.<u>അമ്മ മലയാളം</u>

ലക്ഷ്യം : - കുട്ടികളെ ഭാഷയോട് താൽപര്യമുള്ളവരാക്കുക, പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ പിന്താങ്ങുക.

പ്രവർത്തനം: - ചെറുകഥകളും, കവിതകളും വായനയ്ക്കായി നൽകുന്നു. പ്രവർത്തനം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനായി ചിത്രകഥകളും മറ്റും ഉൾപ്പെടുത്തുന്നു. രസകരമായ പ്രവർത്തനങ്ങൾ നൽകുന്നു.

കാലം : - അക്കാദമിക വർഷം

ചുമതല : - മലയാളം അധ്യാപകർ

IV.ലക്ഷ്യം : - പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ

പ്രവർത്തനം: - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദ്ധരായ നാടക കലാകാരന്മാരേയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപ്പശാലകൾ നടത്തുന്നു.

കാലം : - അക്കാദമിക വർഷം

ചുമതല : - മലയാളം അധ്യാപകർ,സ്കൂൾ

V. ലക്ഷ്യം : - സ്കൂൾ മാഗസിൻ

പ്രവർത്തനം:- മുഴുവൻ പഠിതാക്കളുടേയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.

കാലം : - വർഷാവസാനം

ചുമതല : - മലയാളം അധ്യാപകർ

VI. ലക്ഷ്യം: - ദിനാചരണ പ്രവർത്തനങ്ങൾ

പ്രവർത്തനം:- ഭാഷയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ കുട്ടികളെ അറിയിക്കുകയും, ആസൂത്രണം ചെയ്ത് അസംബ്ലി, അവതരണം, പ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

കാലം : - അക്കാദമിക വർഷം

ചുമതല : - ഭാഷാധ്യാപകർ

# ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear : -** ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Follow me if you can !** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News :** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Word Game :** ഒരു ഇംഗ്ലീഷ് വാക്ക് അഭിനയിച്ച് കാണിക്കുന്നു. അഭിനയത്തിലൂടെ വാക്ക് എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man show:** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹിപ്പിക്കുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2.) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണതയിലേക്ക്)<br>World Ladder:പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. തെറ്റ് കൂടാതെ വായിക്കുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>Reader of the Month:ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | ജൂലൈ<br>സെപ്തംബർ | | |
| 3)തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Word of the Day:കുട്ടികളിലെ പദസമ്പത്ത് വളർത്തുന്നതിനായി ഒരു വാക്കും അതിന്റെ അർത്ഥവും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. മാസാവസാനം വാക്കുകൾ ചേർത്ത് കേട്ടെഴുത്ത് നടത്തുന്നു. | ജൂൺ മുതൽ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Alert Zone: - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Run Baby Run !** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Laugh and Learn : കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പീരിഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4)ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | **English Fest** : കുട്ടികളുടെ കലാസൃഷ്ടികളുടേയും കലാവാസനകളുടേയും അവതരണം. | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്ന-തിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സി.ഡിയിൽ അക്ഷരരചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| | | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 2.) ഹിന്ദി വായന: തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും.<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.Readery Fight മത്സര വായന തെറ്റാതെ,ആവർത്തിക്കാതെ,പാസില്ലാതെ കൂടുതൽ വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.<br>2.) ഹിന്ദി വായന: തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക. | ● പതിപ്പ് നിർമ്മാണം<br>● ഹിന്ദി അസംബ്ലി<br>● ഹിന്ദി ഫെസ്റ്റ്<br>നാടകം, കഥാരചന, കവിതാരചന തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.<br><br>● <u>ഹിന്ദി ക്ലബ്</u><br>ദിനാചരങ്ങൾ, പ്ലക്കാർഡ് നിർമ്മാണം, വിവിധ ശേഖരങ്ങൾ, വായനാ കാർഡ് തയ്യാറാക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

വിഷയം : ഉർദു

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠാം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങൾ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം |
| 2 | മേരെ അൻഫാസ് ഉർദു കയ്യെഴുത്തു മാഗസിൻ | രചന ശേഷി വളർത്തൽ ദുവിസ് മികച്ചതും, ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും കുട്ടികളുടെ സർവ്വാത്മകത വളർത്തുന്ന തിനും വേണ്ടി, കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, വായനകാർഡ് നിർമ്മാണം | ടോൺ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം |
| 3 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചന ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റർ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | | എച്ച്.എം |
| 4 | ഖസാന എ ഇൽമ് പൊതു വിജ്ഞാനം | പൊതുവായതും ഉർദുവിൽ ഉള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനുവേണ്ടി ക്വിസ് മത്സരം സംഘടിപ്പിക്കുക | ടോൺ 1 | ഉർദു ക്ലബ്ബ് | | എച്ച്.എം |

മേഖല: യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നു ശാസ്ത്രത്തെ തിരിച്ചറിയൽ | * പഠന യാത്ര: വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവ് സന്ദർശനം, കണ്ടൽകാട് നിരീക്ഷണം , പുഴയെ അറിയാൻ യാത്രകൾ.<br>* പരീക്ഷണക്കളരി: നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കളെ പ്രയോജനപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന, പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ ജൂലൈ വരെ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | വിശകലനം |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | * സയൻസ് ഫെയർ: ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>* ശാസ്ത്ര വിസ്മയ ചുമർ: ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br>*ശാസ്ത്ര ലൈബ്രറി: കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | ഒക്ടോബർ<br>ഡിസംബർ<br>ജൂലൈ മുതൽ | | |
| 3.ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | * സ്മാർട്ട് ക്ലാസ്സ്: ഐ.സി.റ്റി സഹകരണത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.<br>* ശാസ്ത്ര പ്രോജക്ട് : ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായ ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂലൈ മുതൽ<br>ജനുവരി - ഫെബ്രുവരി | | |

# സാമൂഹ്യ ശാസ്ത്രം

1. ലക്ഷ്യം : - സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ

പ്രവർത്തനം : - (അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്)
സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.

സമയം : - ജൂൺ മാസം

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

11. ലക്ഷ്യം : - പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

പ്രവർത്തനം: - ICT സാദ്ധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.

സമയം : - അക്കാദമിക വർഷാരംഭം

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

III.ലക്ഷ്യം : - ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നു

പ്രവർത്തനം: - (വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്)
ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.

സമയം : - അക്കാദമിക വർഷാരംഭം

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

IV.ലക്ഷ്യം : - പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.

പ്രവർത്തനം: - (പ്രകൃതി താണ്ഡവം, നേർക്കാഴ്ച)
ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

സമയം : - അക്കാദമിക വർഷാരംഭം

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

V. ലക്ഷ്യം : - സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.

പ്രവർത്തനം:- ഫീൽഡ് ട്രിപ്പ്

പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിക്കൽ

സമയം : - നവംബർ, ഡിസംബർ മാസങ്ങളിൽ

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

VI. ലക്ഷ്യം: - സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

പ്രവർത്തനം:- പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു.

സമയം : - വർഷത്തിൽ ഒരു തവണ

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

VII.ലക്ഷ്യം: - വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

പ്രവർത്തനം:- ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം

സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

സമയം : - ജൂൺ,ജൂലൈ മാസങ്ങളിൽ

ചുമതല : - സാമൂഹ്യശാസ്ത്ര അധ്യാപകർ

VIII.ലക്ഷ്യം: - വിവിധ മേഖലകളെ കുറിച്ച് അറിയാൻ

പ്രവർത്തനം:- ദിനാചരണം

ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG - യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

സമയം : - ആവശ്യാനുസരണം

ചുമതല : - സാമൂഹ്യശാസ്ത്ര ക്ലബ്

# ഗണിതം

1. ലക്ഷ്യം : - അടിസ്ഥാന ഗണിതശാസ്ത്രം എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്നു.

ഗണിത ശിൽപശാല

പ്രവർത്തനം : - കളിരീതിയുടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

സമയം : - ജൂൺ മാസം

ചുമതല : - ഗണിത അധ്യാപകർ

11. ലക്ഷ്യം : - രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികസനവും

പ്രവർത്തനം: - ഒറിഗാമി ശിൽപശാല

ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ

സമയം : - വർഷത്തിൽ ഒരു തവണ

ചുമതല : - ഗണിത അധ്യാപകർ

ഗണിത ക്ലബ്

III.ലക്ഷ്യം : - ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കുക

പ്രവർത്തനം: - വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് തയ്യാറാക്കുകയും അവിടെ വച്ച് ഗണിതക്ലബ് നടത്തൽ

സമയം : - ആവശ്യാനുസരണം

ചുമതല : - ഗണിത അധ്യാപകരും ഗമിത ക്ലബിലെ അംഗങ്ങളും.

IV.ലക്ഷ്യം : - ഗണിതം മധുരമാക്കൽ

പ്രവർത്തനം: - ഗണിത പാർക്ക്

ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് ഒരുക്കൽ

സമയം : - വർഷത്തിൽ ഒരു തവണ

ചുമതല : - ഗണിത ക്ലബ്

സാമ്പത്തികം: - ഗണിത ക്ലബ് & പി.ടി.എ

V. ലക്ഷ്യം : - ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ

പ്രവർത്തനം:- ഗണിത ഗ്രാമം

ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ മറ്റു വിദ്യാലയങ്ങളിൽ നിന്നോ, മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്നവരെയോ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

സമയം : - വർഷത്തിൽ കുറഞ്ഞത് 3 തവണയെങ്കിലും

ചുമതല : - ഗണിത അധ്യാപകർ, ഗണിത ക്ലബ്

സാമ്പത്തികം: - പി.ടി.എ

VI. ലക്ഷ്യം: - ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.

പ്രവർത്തനം:- ഐ.ടി സാധ്യതകളിലൂടെ

ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.

സമയം : - മാസത്തിൽ ഒരു തവണ

ചുമതല : - ഗണിത അധ്യാപകർ

VII.ലക്ഷ്യം: - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.

പ്രവർത്തനം:- ഗണിത ക്ലിനിക്

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു.
പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

സമയം : - ആഴ്ചയിൽ ഒരു പീരിഡ്

ചുമതല : - ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും

VIII.ലക്ഷ്യം: - വിവിധ ശേഷികളുടെ വികസനം

പ്രവർത്തനം:- ദിനാചരണം

ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG - യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

സമയം : - ആവശ്യാനുസരണം

ചുമതല : - SRG

# അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്കൃതം 2025–2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലളവ് | പഠനോപകരണം |
|---|---|---|---|
| ★എല്ലാ കുട്ടികൾക്കും ഭാഷ വായിക്കാനും എഴുതാനും ശേഷി വികസിപ്പിക്കൽ<br>★ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br>★കാണുന്നതും കേൾക്കുന്നതും ആയ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>★സാഹിത്യാഭിരുചികൾ വളർ-ത്തുന്ന പ്രവർത്തനങ്ങൾ.<br>★ഭാഷാശേഷി വികസിപ്പിക്കുന്ന തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>★ഭാഷാലാബ് | ★ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>★പരിമിതികൾ പരിഹരിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ.<br>★പതിപ്പുകൾ, മാഗസിനുകൾ<br>★ സംസ്കൃത ദിനാചരണം അസംബ്ലി<br>★ പോസ്റ്റർ നിർമ്മാണം, കഥ, ഉപന്യാസം രചിക്കൽ<br>★ പഠനയാത്രകൾ സംഘടിപ്പിക്കൽ<br>★വിവിധ മത്സരങ്ങൾ, കഥാ-രചന, കവിതാരചന, ഉപന്യാസ രചന, പ്രശ്നോത്തരി, കവിതാ ആലാപനം, ലളിതഗാനം, സമൂഹഗാനം, വന്ദേമാതരം, ഗദ്യവായന എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുക.<br>★ മികച്ച വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് വേണ്ടി പ്രത്യേക പരിശീലനം<br>★ ഐ.ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>★ സംസ്കൃതം സിനിമ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc ..... |

## ഭാഷ - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതീകം | സാമ്പത്തിക വിശകലനം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബിക് ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പാക്കുക. | • മുന്നറിവ് പരിശോധിക്കൽ. അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ, ഭാഷ കളികൾ | ഹ്രസ്വ കാലം | പുസ്തകങ്ങൾ, വർക്ക് ഷീറ്റുകൾ | പൂർവ്വ വിദ്യാർഥികൾ | അറബിക് അധ്യാപകർ | ആഴ്ചയിലും മാസത്തിലുമുള്ള വായനാ മത്സരത്തിലൂടെ കുട്ടികൾക്ക് അറബിക് ഭാഷ ഉറപ്പാക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തുന്നു. |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് മുറികളിൽ ഒരുക്കുക. | • വായനാ വസന്തം<br>• വായന മത്സരം<br>• ക്ലാസ്സ് ലൈബ്രറി<br>• പത്രവായന<br>• പതിപ്പുകളുടെ നിർമ്മാണം<br>• പോസ്റ്ററുകൾ | മധ്യകാലം | പുസ്തകങ്ങൾ, മാഗസിമുകൾ, പത്രങ്ങൾ | റിട്ടയർ ചെയ്ത അറബിക് അധ്യാപകർ, ഭാഷാ സ്നേഹികൾ | | പുസ്തക ശേഖരണത്തിലൂടെ കുട്ടികൾ ഭാഷ, യഥേഷ്ടം കൈകാര്യം ചെയ്യുന്നു. |
| മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക. | • അറബിക് കമ്യൂണിക്കേഷൻ, ആശയ വിനിമയ വേദി, ക്ലാസ്സ് തലം | ദീർഘ കാലം | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | പി.ടി.എ, ബി.ആർ.സി | | അറബി അസംബ്ലിയിലും വാർത്തയിലും അറബി ഭാഷയുടെ പ്രാധാന്യവും മഹത്വവും കുട്ടികൾ മനസ്സിലാക്കുന്നു. |
| ഭാഷാ പഠന നേട്ടത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | • തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യങ്ങൾ ഉണ്ടാക്കുക. | ഐ.ടി. സി., സി.ഡി. കൾ, പുസ്തകങ്ങൾ | | | | |